# Official Spokesperson's response to media queries on remarks by Pakistani Prime Minister in Gilgit today regarding his government’s decision to accord “provisional provincial status” to the so-called “Gilgit-Baltistan”

November 01, 2020

## “ഗിൽജിത് -ബാൾട്ടിസ്ഥാൻ” എന്ന് വിളിക്കപ്പെടുന്ന സ്ഥലത്തിന് “താൽക്കാലിക പ്രവിശ്യാ പദവി” നൽകാനുള്ള തങ്ങളുടെ സർക്കാരിന്റെ തീരുമാനത്തെക്കുറിച്ച് ഇന്ന് ഗിൽജിതിൽ പാകിസ്ഥാൻ പ്രധാനമന്ത്രി നടത്തിയ പരാമർശത്തെക്കുറിച്ചുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം .

നവംബർ 01, 2020

**“ഗിൽജിത് -ബാൾട്ടിസ്ഥാൻ” എന്ന് വിളിക്കപ്പെടുന്ന സ്ഥലത്തിന് “താൽക്കാലിക പ്രവിശ്യാ പദവി” നൽകാനുള്ള പാകിസ്ഥാൻ സർക്കാരിന്റെ തീരുമാനത്തെക്കുറിച്ച് ഇന്ന് ഗിൽജിതിൽ പാകിസ്ഥാൻ പ്രധാനമന്ത്രി നടത്തിയ പരാമർശത്തെക്കുറിച്ചുള്ള മാധ്യമഅന്വേഷണങ്ങളോട് ഔദ്യോഗിക വക്താവ് ശ്രീ അനുരാഗ് ശ്രീവാസ്തവയുടെ മറുപടി ഇപ്രകാരമായിരുന്നു.:**

""പാകിസ്താന്റെ അനധികൃതവും നിർബന്ധപൂർവവുമായ കൈയേറ്റത്തിൽ ഉള്ള ഇന്ത്യൻ പ്രവിശ്യയിൽ ഗൗരവതരമായ മാറ്റങ്ങൾ വരുത്താനുള്ള ശ്രമം ഇന്ത്യൻ ഭരണകൂടം ശക്തമായി എതിർക്കുന്നതാണ്. ജമ്മു കാശ്മീർ, ലഡാക്ക് എന്നിവിടങ്ങളിലെ കേന്ദ്ര ഭരണ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഗിൽജിത് -ബാൾട്ടിസ്ഥാൻ എന്നറിയപ്പെടുന്ന പ്രദേശങ്ങൾ ഉൾപ്പടെ, 1947 ൽ ഇന്ത്യൻ യൂണിയനിലേക്കുള്ള ജമ്മു കാശ്മീർ ലയനത്തെ തുടർന്ന്, നിയമപരമായും പൂർണമായും മാറ്റാനാകാത്തതുമായ അവകാശത്തോടെയുമുള്ള ഇന്ത്യയുടെ തന്നെ ഭാഗങ്ങളാണ്. നിയമവിധേയമല്ലാതെ നിർബന്ധപൂർവം കൈയടക്കി വച്ചിട്ടുള്ള പ്രവിശ്യകളിൽ പാകിസ്ഥാൻ ഭരണകൂടത്തിന് യാതൊരുവിധ നിയമ അവകാശങ്ങളും ഇല്ല. തങ്ങളുടെ നിയമവിരുദ്ധമായ അധിനിവേശത്തെ മറച്ചുവെക്കാൻ ഉദ്ദേശിച്ചുള്ള പാക്കിസ്ഥാന്റെ ഇത്തരം ശ്രമങ്ങൾക്ക്, ഏഴു പതിറ്റാണ്ടിലേറെയായി ഇത്തരം അധിനിവേശ പ്രവിശ്യകളിൽ താമസിച്ചു വരുന്ന ആളുകൾ നേരിട്ടുകൊണ്ടിരിക്കുന്ന ഗുരുതരമായ മനുഷ്യാവകാശ

ലംഘനങ്ങൾ, ചൂഷണം, സ്വാതന്ത്ര്യനിഷേധം  എന്നിവ മറയ്ക്കാൻ കഴിയില്ല. ഈ ഇന്ത്യൻ പ്രവിശ്യകളിലെ ഭരണ സ്ഥിതി മാറ്റാൻ ശ്രമിക്കുന്നതിനു പകരം, എത്രയും പെട്ടന്ന് നിയമവിധേയമല്ലാതെ കൈയ്യടക്കി വച്ചിരിക്കുന്ന ഭാഗങ്ങളിൽ നിന്നും ഒഴിഞ്ഞു പോകേണ്ടതാണെന്നു ഞങ്ങൾ പാകിസ്താനോട് ആവശ്യപ്പെടുകയാണ്."

**ന്യൂ ഡൽഹി**
**01 നവംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.